Lalith Babu

**ജീവനക്കാർക്ക് സ്വന്തം പേരിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നതിനു നിയമപരമായി തടസ്സമില്ല. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനു കേരള ഗവണ്മെന്റ് സെർവന്റ്സ് കോണ്ടാക്റ്റ് റൂൾസ് തടസ്സമാകില്ല. വിവരാവകാശ നിയമത്തിനു കോണ്ടാക്റ്റ് റൂൾസ് നു മേൽ overriding effect ഉണ്ട് എന്ന് വിവരാവകാശ കമ്മീഷൻ**

വിവരാവകാശ നിയമപ്രകാരം ഏതെങ്കിലും വിവരങ്ങൾ ആവശ്യപ്പെടുന്നത്, കേരളാ ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസ് പ്രകാരം തെറ്റാണെന്നുള്ള ഒന്നാം എതിർകക്ഷിയുടെ നിലപാട് പ്രതിഷേധാർഹവും നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. വിവരാവകാശ നിയമം 22-ാം വകുപ്പിൽ, ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് മറ്റു ഏതെങ്കിലും നിയമത്തിലോ, നിയമത്താൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രമാണത്തിലോ ഉള്ള വ്യവസ്ഥകളെക്കാൾ "അധിപ്രഭാവം" (Overriding effect) ഉണ്ടായിരിക്കുന്നതാണ് എന്നു വ്യവസ്ഥചെയ്തിട്ടുള്ള വിവരം ഒന്നാം എതിർകക്ഷി മനഃസിലാക്കേണ്ടിയിരുന്നു. ഹർജിക്കാരൻ പഞ്ചായത്തു വകുപ്പിലെ ജീവനക്കാരനാണോ, ടിയാന് എതിരെ എന്തെങ്കിലും ആരോപണങ്ങൾ നിലവിലുണ്ടോ എന്നും മറ്റുമുള്ള സംഗതികൾ ഈ ഹർജിയെ സംബന്ധിച്ച് അപ്രസക്തമാണ് എന്നും കമ്മീഷൻ വിലയിരുത്തുന്നു.